LIBRARY ARCHIVES Kerala Legislative Assembly

51. ശ്രീ. പി. തിലോത്തമൻ

52. ശ്രീ. തോമസ് ചാണ്ടി

53. ഡോ. ടി. എം. തോമസ് ഐസക്

54. ശ്രീ. ഇ. കെ. വിജയൻ

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 70

പ്രതികൂലിക്കുന്നവർ - 54

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

2014-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## 2. 2014-ലെ കേരള ധനകാര്യ ബില്ലിന്റെയും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിന്റെയും അവതരണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനകാര്യ ബില്ലും 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

### ക്രമപ്രശ്നം തുടർച്ച

## VII ശ്രീ. കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ. ഉന്നയിച്ച ക്രമപ്രശ്നത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി നൽകിയ വിശദീകരണം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ വീട്ടിനുമുന്നിൽ സമരം നടത്തുകയായിരുന്ന ജസീറ 5-2-2014-ന് വൈകുന്നേരം 6.15-ഓടെ കുട്ടികളുമായി പാലാരിവട്ടം പോലീസ് സ്റ്റേഷനിൽ വന്ന് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പ്രഖ്യാപിച്ച പണം നൽകുന്നില്ലെങ്കിൽ അത് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാതി കൊടുക്കുകയും പോലീസ് നടപടി ആവശ്യപ്പെട്ട് മൂന്ന് കുട്ടികളുമായി പോലീസ് സ്റ്റേഷന് ഇടതുഭാഗത്തുള്ള ഫുട്പാത്തിൽ കുത്തിയിരിക്കുകയും ചെയ്തു. വൈകിട്ട് ഏഴുമണിയോടെ ആരോ ഒരാൾ അവിടെ വന്ന് അവരുമായി സംസാരിക്കുകയും ജസീറ അയാളോട് തട്ടിക്കയറുകയും അയാളെ കൈകൊണ്ടടിക്കുകയും ചെയ്തു. ഇതിൽ പ്രതിഷേധിച്ച് പതിനഞ്ചോളം പേർ സ്റ്റേഷനിലെത്തി പ്രതിഷേധം പ്രകടിപ്പിച്ചു. ജസീറയോട് വഴക്കുണ്ടാക്കുകയും ചെയ്തു. തുടർന്ന് ജസീറയുടെയും കുട്ടികളുടെയും സുരക്ഷയെ കരുതി പോലീസ് ഇവരെ സ്റ്റേഷനിലേക്ക് മാറ്റി. രാത്രി പന്ത്രണ്ടരയോടെ പ്രതിഷേധക്കാർ